# പൂവ് കാണുമ്പോൾ പേടിയാകുന്നു

ജയൻ പി. എം.

ഒരു പൂവ് കാണുമ്പോൾ പേടിച്ചുപോകുന്ന കുരുന്നു മനസ്സുകൾ കേരളത്തിലുണ്ട്!? കാസർഗോഡ് ജില്ലയിലെ കൊച്ചു ഗ്രാമത്തെയും ജനതയെയും എൻഡോസൾഫാൻ എന്ന മാരകവിഷം എങ്ങിനെയാണ് ചവച്ചുതുപ്പിയതെന്ന കഥ വിവരിക്കുന്ന 'പുനർജനിക്കായി' എന്ന ഡോക്യുമെന്ററി നമ്മോട് പറയുന്നത് ഇത് തന്നെയാണ്. അവിടുത്തെ കുട്ടികളുടെ പേടിസ്വപ്നമാണ് ഇപ്പോൾ കശുമാവിൻ പൂവുകൾ. ഇളം തെന്നലിൽ ആടികുഴയുന്ന കശുമാവിൻ പൂങ്കുല കണ്ണിൽ പെട്ടാൽ മതി ആകാശത്തിൽ എൻഡോസൾഫാനെന്ന മാരകകീടനാശിനിയുമായി ചുറ്റികറങ്ങുന്ന ഹെലികോപ്റ്ററിന്റെ മരണഗർജ്ജനം കുരുന്നു മനസ്സുകളിൽ ഇരമ്പിയെത്തുന്നു. പ്ലാന്റേഷൻകോർപറേഷൻ നട്ടുവളർത്തിയ കശുമാവിൻ തോട്ടത്തിൽ കളനശീകരണത്തിനായി തളിച്ച എൻഡോസൾഫാന്റെ വിഷപാതത്തിൽ തളർന്ന് പോയത്, ചിറകൊടിഞ്ഞത് ഇവിടുത്തെ ബാല്യങ്ങളുടേതാണെന്ന് ഡോക്യുമെന്ററി ദൃശ്യവത്കരിക്കുന്നു. ഇത്തരം കുട്ടികളുടെ നിശബ്ദവിലാപമാണ് പുനർജനിക്കായ് മുന്നോട്ട് വെയ്ക്കുത്.

കീടനാശിനിയുടെ ക്രൂരചുംബനമേറ്റ് വികലാംഗയായി മാറിയ കൊച്ചു പെൺകുട്ടിയുടെ ആത്മകഥാ മൊഴിയിലൂടെയാണ് ഈ ഹ്രസ്വചിത്രം മുന്നോട്ട് നീങ്ങുന്നത്. ചെറുപ്രായത്തിലേ അംഗവൈകല്യം ബാധിച്ച ഒരു കാൽ ഇപ്പോൾ മുറിച്ചുമാറ്റി അവിടെ കൃത്രിമകാൽ ഘടിപ്പിച്ചിരിക്കുകയാണ്. ഭാരമേറിയ ആ കാലുമായി വേച്ച് വേച്ച് ഒറ്റയ്ക്ക് സ്കൂളിലേക്ക് ആവേശത്തോടെ നടന്നു പോകുന്ന ദൃശ്യം ആരുടെയും കരളലിയിപ്പിക്കുന്നതാണ്.

പ്രകൃതിയുടെ വിരിമാറിലൂടെ തുമ്പിയെ പോലെ പറന്നുനടക്കേണ്ട തന്റെ ബാല്യത്തിന് വിലങ്ങുതടിയായതിന് കാരണക്കാരൻ എൻഡോസൾഫാൻ എന്ന കീടനാശിനിയാണെന്ന് ഈ ഗ്രാമത്തിലെ എല്ലാവർക്കുമറിയാം. മാറാരോഗങ്ങൾക്കടിമപ്പെട്ട തന്റെ സഹപാഠികളെയും, സ്കൂളിൽപോലും വരാനാകാതെ വീട്ടിൽ നിലത്തിഴയുന്ന സഹോദരിമാരെയും ഇവൾ നമുക്ക് പരിചയപ്പെടുത്തുന്നു. കൂടാതെ കീടനാശിനിക്കെതിരെ പോരടിച്ച് മരിച്ച ഇപ്പോൾ കാക്കയായ് മുറ്റത്ത് വന്ന് കരയുന്ന കുമാരൻമാസ്റ്ററെയും ഇപ്പോഴും ഒറ്റയാൾപോരാട്ടം നടത്തുന്ന ലീലകുമാരിയമ്മ ചേച്ചിയെയും അങ്ങിനെ പല ദുരന്തജീവിതങ്ങളെയും നമുക്ക് പരിചയപ്പെടുത്തുന്നു.



**പുനർജനിക്കായ്**

(ഡിപ്ലോമ ഡോക്യുമെന്ററി, 10 മിനിറ്റ്)
സി-ഡിറ്റ്, തിരുവനന്തപുരം
സംവിധാനം : അംബിക



എൻഡോസൾഫാന്റെ ഇരകളായി ജീവിക്കുന്ന പ്രദേശക്കാരെ പരിചയപ്പെടുത്തുന്നതിന് പുറമെ മറ്റ് ചില സത്യങ്ങൾകൂടി കാഴ്ചക്കാരോട് പറയുന്നുണ്ട്.

"ഇത് ഞങ്ങളുടെ മാത്രം കഷ്ടതയാണെന്ന് നിങ്ങൾ ധരിക്കരുതേ... ഇവിടുത്തെ പഴങ്ങൾ മുഴുവനും ഞങ്ങളല്ല തിന്നുതീർക്കുന്നത്, ഇവിടുന്നൊഴുകുന്ന വെള്ളം മുഴുവനും ഞങ്ങളല്ല കുടിച്ചുതീർക്കുന്നത്. നാളെ നിങ്ങൾക്കും ഈ ദുർഗതി വരുമേ...."

**കീടനാശിനികൾ തളിച്ച പഴങ്ങളും പച്ചക്കറികളും ദിനേന മൃഷ്ടാന്നം ഭുജിച്ച് മയങ്ങുന്ന കേരളീയ പൊതുസമൂഹത്തിന് നേരെയാണ് ഈ സത്യം തുറന്ന് പറയുന്നത്.**

ജീവിച്ചിരിക്കെ രക്തസാക്ഷികളായി മാറിയവരാണ് ഇവിടുത്തെ 50% കുട്ടികളും മറ്റ് പല കുട്ടികളെയും പോലെ തുള്ളിച്ചാടി നടക്കാൻ ഇവർക്കിന്നാവില്ല. മറ്റൊരു നന്മനിറഞ്ഞ ജന്മത്തിനായി പ്രാർത്ഥിക്കാനേ ഇവർക്ക് കഴിയൂ. ആ പ്രാർത്ഥനയാണ് ഈ കുരുന്നുകളുടെ കണ്ണിലുള്ളത്. നിറയെ നിസ്സഹായതയുടെ ഭാരവും കരിനിഴലും വീണ് വികൃതമായിരിക്കുകയാണ് ഇവിടുത്തുകാരുടെ മുഖം. ഒരു പീഡിത ഗ്രാമത്തിന്റെ അടങ്ങാത്ത നിലവിളിയായി ഈ ദൃശ്യവിന്യാസത്തെ വിലയിരുത്താം.

അന്യന്റെ വേദനയെ അവഗണിച്ച് അമിതവേഗത്തിൽ ജീവിതം കത്തിച്ചു തീർക്കുന്ന പൊതുസമൂഹത്തിന് ആർദ്രതയും കാരുണ്യവും വീണ്ടെടുക്കാൻ കഴിയുന്ന ഒട്ടേറെ മനമുരുകുന്ന ദൃശ്യങ്ങളുണ്ടിതിൽ. സി. ഡിറ്റ് നിർമ്മിച്ച ഈ ഹ്രസ്വചിത്രത്തിന്റെ സംവിധാനം അംബികയാണ് നിർവ്വഹിച്ചത്. ആഖ്യാനത്തിൽ പുതുമയൊന്നുമില്ലെങ്കിലും എൻഡോസൾഫാൻ കരിച്ചുകളഞ്ഞ ഒരു ഗ്രാമജീവിതത്തിന്റെ ചിതറിയ സ്വപ്നങ്ങൾ വൈകാരികതയോടെ തുറന്നുകാട്ടാൻ ഇതിന് കഴിയുന്നുണ്ട്. ഒരു കുട്ടിയുടെ നിഷ്കളങ്കമൊഴിയിലൂടെ (Voice over) അത് വേണ്ടത്ര സാധ്യമാകുന്നുമുണ്ട്.

പുത്തോർത്ത് മീത്തൽ, ഓർക്കാട്ടേരി, വടകര